# VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിന്റെ പരിഗണന.

ശ്രീ. പ്രമോദ് നാരായൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

അനൗദ്യോഗികാംഗങ്ങളുടെ നാല് ബില്ലുകൾക്ക് അരമണിക്കൂർ വീതമാണ് നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ഇന്ന് വെള്ളിയാഴ്ചയാണ്, ഉച്ചയ്ക്ക് 12.30-ന് സഭ പിരിയണമെന്നതിനാൽ അത് പതിനഞ്ച് മിനിറ്റുവീതമാക്കി കുറയ്ക്കാവുന്നതാണ്. സമയം പതിനഞ്ച് മിനിറ്റുവീതമാക്കി അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: സർ, 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരള സംസ്ഥാനത്തെ ഹോട്ടലുകൾ, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ, കൊറിയർ സർവ്വീസ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ വീടുകളിലെത്തിക്കുന്ന ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള അനൗദ്യോഗിക ബില്ലിനാണ് ബഹുമാനപ്പെട്ട പി. എസ്. സുപാൽ, എം.എൽ.എ. അവതരണാനുമതി തേടിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly